വെള്ളപ്പൊക്ക ദുരിതാശ്വാസനിധിയിൽനിന്നും അനുവദിക്കപ്പെട്ട റോഡ് വർക്കിന്റെ ബിൽ കുടിശ്ശിക

138(832) ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കപ്പെട്ട റോഡ് വർക്കിന്റെ ബില്ല് കൊടുക്കുവാൻ എത്ര നാളത്തെ കുടിശ്ശിക ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ :

(ബി) ഇപ്പോൾ എത്ര മാസത്തെ കുടിശ്ശിക ഉണ്ടെന്ന് വ്യക്തമാക്കുമോ : കുടിശ്ശിക ഉണ്ടെങ്കിൽ 2011 മാർച്ച് 31-ന് മുമ്പ് കൊടുത്തു തീർക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കപ്പെട്ട റോഡ് വർക്കിന്റെ ബില്ല് കൊടുക്കാൻ വിവിധ ജില്ലകളിലായി 3 മാസം മുതൽ ഒന്നര വർഷം വരെയുള്ള കുടിശ്ശിക ഉണ്ടായിരുന്നു.

(ബി) ഇപ്പോൾ വിവിധ ജില്ലകളിലായി 1 മാസം മുതൽ 5 മാസം വരെയുള്ള ബില്ലുകളാണ് തുക അനുവദിക്കുവാനായിട്ടുള്ളത്. 31-12-2010 വരെയുള്ള കുടിശ്ശിക നൽകുന്നതിനാവശ്യമായ ഫണ്ട് ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ നിലവിലുള്ള കുടിശ്ശിക ഫണ്ടിന്റെ ലഭ്യതയനുസരിച്ച് 2011 മാർച്ച് 31-ന് മുമ്പ് കൊടുത്തു തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കാലവർഷക്കെടുതി

139(833) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. സി കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ചവർക്ക് ആശ്വാസം നൽകാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) മൊത്തം എത്രകോടി രൂപ ഇതിനായി ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) കാലവർഷക്കെടുതി വിലയിരുത്താൻ എത്തിയ കേന്ദ്ര സംഘത്തിന് സംസ്ഥാന സർക്കാർ നാശനഷ്ടം സംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly